Rs. 20/- jaagrathayude Keraleeyam 2012 June Posted at Thrissur RMS/2 on 21/6/2012

**അതിരപ്പിള്ളി ജലവൈദ്യുതപദ്ധതി നടപ്പാക്കണമെന്നാണ് സർക്കാർ നിലപാടെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറയുകയും പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് കേന്ദ്രത്തിന് കത്തയയ്ക്കുകയും ചെയ്തിരിക്കുന്നു. നിരവധി പ്രത്യാഘാതങ്ങളുള്ളതും പലതവണ അനുമതി നിഷേധിക്കപ്പെട്ടതുമായ പദ്ധതിക്കായി വീണ്ടും ശ്രമിക്കുന്ന സർക്കാറിന്റെ പിടിവാശി ജനാധിപത്യ വിരുദ്ധമാണെന്ന് ചാലക്കുടിപുഴ സംരക്ഷണ സമിതി**

# അതിരപ്പിള്ളി: സർക്കാർ നീക്കം പ്രതിഷേധാർഹം

**കേരളത്തിലെ** വൈദ്യുതിരംഗത്തെ പ്രശ്നങ്ങൾക്ക് ഒരു വിധത്തിലും പരിഹാരമാകാത്തതും ഒട്ടേറെ പാരിസ്ഥിതിക, സാമൂഹിക പ്രത്യാഘാതങ്ങളുള്ളതുമായ അതിരപ്പിള്ളി ജലവൈദ്യുതപദ്ധതിക്കായി സംസ്ഥാനസർക്കാർ വീണ്ടും ശ്രമം നടത്തുന്നതിൽ ചാലക്കുടിപുഴ സംരക്ഷണ സമിതി കടുത്ത പ്രതിഷേധം രേഖപ്പെടുത്തി. ഔദ്യോഗികമായി നടന്ന അഞ്ച് പൊതുതെളിവെടുപ്പ്/ജനസമ്പർക്കപരിപാടിയിലും പങ്കെടുത്തവരിൽ 90 ശതമാനം പേർ എതിർത്ത ഈ പദ്ധതി നടപ്പാക്കണമെന്ന പിടിവാശി ഒരു ജനാധിപത്യസർക്കാരിന് ഒട്ടും ഭൂഷണമല്ല. നേരത്തെ രണ്ട് തവണ (1998ലും 2005ലും) ലഭിച്ച കേന്ദ്രാനുമതികളും ഹൈക്കോടതി റദ്ദാക്കിയത്, നടപടിക്രമങ്ങളിലെ അപാകതകൾക്കൊപ്പം പദ്ധതിയുടെ പ്രത്യാഘാതങ്ങളെ സംബന്ധിച്ച ആശങ്കകൾ കൂടി പങ്കുവെച്ചുകൊണ്ടാണ്. 2007ലെ അനുമതിയും ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്.

### പദ്ധതിയുടെ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതി പ്രദേശമായ വാഴച്ചാൽ - അതിരപ്പിള്ളി മേഖലയുടെ പാരിസ്ഥിതികപ്രാധാന്യം വെളിപ്പെടുത്തുന്ന ഒട്ടനവധി പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും വൈദ്യുതിബോർഡോ അവർക്ക് വേണ്ടി പഠനം നടത്തിയവരോ ഇതെല്ലാം അവഗണിക്കുകയായിരുന്നു. ഏറ്റവുമൊടുവിൽ പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനായി കേന്ദ്രം നിയോഗിച്ച മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിലുള്ള പരിസ്ഥിതി വിദഗ്ദ്ധരടങ്ങുന്ന കമ്മിറ്റിയും, ശാസ്ത്രീയപഠനങ്ങളുടെ അടിസ്ഥാനത്തിൽ ഈ മേഖലയുടെ പാരിസ്ഥിതിക പ്രാധാന്യം അംഗീകരിച്ചിരിക്കുകയാണ്.

### സാമ്പത്തികമായി നിലനിൽപ്പില്ലാത്ത പദ്ധതി

അതിരപ്പിള്ളി പദ്ധതി നടപ്പാക്കിയാൽ അത് സംസ്ഥാനത്തെ ഏറ്റവും ശേഷി കുറഞ്ഞതായിരിക്കും. 163 മെഗാവാട്ട് സ്ഥാപിതശേഷിയുണ്ടെങ്കിലും ഇവിടെ നിന്നും ശരാശരി വാർഷിക വൈദ്യുതി ലഭ്യത 150-170 ദശലക്ഷം യൂണിറ്റ് മാത്രമായിരിക്കും. സ്ഥാപിതശേഷിയുടെ 12 ശതമാനത്തിൽ താഴെ മാത്രമാണിത്. (സംസ്ഥാനത്തെ ഇന്നത്തെ വൈദ്യുതി ആവശ്യത്തിന്റെ ഒരു ശതമാനം പോലും വരില്ല ഇവിടെ നിന്നുള്ള ഉല്പാദനം). പദ്ധതിയുടെ ഇന്നത്തെ ചെലവ് ഏറ്റവും ചുരുങ്ങിയത് 1000-1500 കോടി രൂപയായിരിക്കും. ഇതിന്റെ പലിശയും തിരിച്ചടവുമുൾപ്പെടെയുള്ള ചെലവുകൾ കണക്കാക്കുമ്പോൾ ഒരു യൂണിറ്റ് വൈദ്യുതിക്ക് 10 രൂപയിലും മുകളിലായിരിക്കും ചെലവ്.

### സുതാര്യതയില്ലാത്ത നടപടിക്രമങ്ങൾ

അതിരപ്പിള്ളി പദ്ധതിക്കായി നടത്തിയ രണ്ട് പാരിസ്ഥിതികാഘാത പഠനങ്ങളും (1996ൽ TBGRI, 2002ൽ WAPCOS) പദ്ധതിയുടെ പ്രത്യാഘാതങ്ങളെ മറച്ചുവെച്ച് പഠനത്തിന് പണം മുടക്കിയ വൈദ്യുതി ബോർഡിന്റെ താല്പര്യാനുസൃതം റിപ്പോർട്ട് തയ്യാറാക്കുകയായിരുന്നു. WAPCOS ഒരു വർഷം നീണ്ട പഠനം നടത്തി എന്നവകാശപ്പെടുമ്പോഴും രണ്ട് തവണയായി മൂന്ന് ദിവസം മാത്രമാണവർ (രണ്ട് പേർ വീതം) പദ്ധതിപ്രദേശത്തെത്തിയതെന്ന് കോടതിയിൽ തന്നെ സ്ഥാപിക്കപ്പെട്ടതാണ്. വസ്തുതാപരമായ ഒട്ടേറെ തെറ്റുകൾ പഠനങ്ങളിലുണ്ട്. പഠനങ്ങൾ രഹസ്യമാക്കി വെക്കാനാണ് വൈദ്യുത ബോർഡ് ശ്രമിച്ചത്. നിയമപ്രകാരമുള്ള പൊതുതെളിവെടുപ്പ് നടത്താനവർ തയ്യാറായിരുന്നില്ല. ഹൈക്കോടതിയുടെ ഇടപെടലിനെ തുടർന്നാണ് തെളിവെടുപ്പ് നടന്നത്. 2006ലെ പൊതുതെളിവെടുപ്പിൽ 1200 ഓളം പേർ പങ്കെടുക്കുകയും സംസാരിച്ചവരെല്ലാം പദ്ധതിയെ ശക്തമായി എതിർക്കുകയുമായിരുന്നു. എന്നാൽ തെളിവെടുപ്പ് നടന്നതിന് കടകവിരുദ്ധമായി പാനലിലെ അംഗങ്ങളുടെ എതിർപ്പിനെ വകവെയ്ക്കാതെ ഉദ്യോഗസ്ഥതലത്തിൽ പദ്ധതിക്കനുകൂലമായ റിപ്പോർട്ട് തയ്യാറാക്കുകയായിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് നീരൊഴുക്കിനെ സംബന്ധിച്ച് തുടർച്ചയായി തെറ്റായ കണക്കുകളാണ് കെ.എസ്.ഇ.ബി കേന്ദ്ര ഏജൻസികൾക്ക് മുന്നിൽ വെച്ചത്. പദ്ധതിച്ചെലവ് കുറച്ച് കാണിച്ചും പദ്ധതിയിൽ നിന്നുള്ള വൈദ്യുതി ലഭ്യത പെരുപ്പിച്ചുകാണിക്കുകയും ചെയ്താണ് പദ്ധതിക്ക് സാങ്കേതിക-സാമ്പത്തികാനുമതി നേടിയെടുത്തത്.

### മന്ത്രിതല ചർച്ചയിലെ ധാരണയുടെ ലംഘനം

കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് പദ്ധതിയെ എതിർക്കുന്നവരെ കേൾക്കാൻ തയ്യാറല്ലായിരുന്നു അന്നത്തെ വൈദ്യുതി മന്ത്രി. എന്നാൽ ഈ മന്ത്രിസഭ അധികാരമേറ്റ ഉടൻ തന്നെ, 2011 ജൂൺ 3ന് ഈ പദ്ധതിയെ കുറിച്ച് ഒരു ചർച്ച വൈദ്യുതി മന്ത്രിയുടെ ചേംബറിൽ നടന്നു. വി.എം. സുധീരന്റെ ആവശ്യപ്രകാരം അദ്ദേഹത്തിന്റെ കൂടി സാന്നിദ്ധ്യത്തിലായിരുന്നു ചർച്ച. പദ്ധതിയുടെ ദോഷങ്ങൾ ആവശ്യമായ തെളിവുകളും രേഖകളും വെച്ച് ചർച്ചയിൽ അവതരിപ്പിച്ചിരുന്നു. ഉന്നയിച്ച പ്രശ്നങ്ങൾക്കൊന്നും മറുപടി നൽകാൻ അന്ന് കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിരുന്നില്ല. പദ്ധതിക്കെതിരെ ഉന്നയിച്ച ഓരോ വാദങ്ങൾക്കും വ്യക്തമായ മറുപടി കൊടുക്കണമെന്നും പിന്നീട് ഒരു വട്ടം കൂടി ചർച്ച നടത്തണമെന്നും സുധീരൻ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഈ വിഷയങ്ങളെല്ലാം പരിശോധിക്കാമെന്നും ആവശ്യമെങ്കിൽ വീണ്ടും യോഗം ചേരാമെന്നും വൈദ്യുതി മന്ത്രി ഉറപ്പു നൽകിയിരുന്നു. നിർഭാഗ്യവശാൽ മന്ത്രിതലചർച്ചയിൽ ഉന്നയിച്ച പ്രശ്നങ്ങൾക്കൊന്നും മറുപടി നൽകാതെയും വീണ്ടും ചർച്ച നടത്താതെയും ഇപ്പോൾ പദ്ധതിക്ക് വേണ്ടി കേന്ദ്രത്തിന് കത്തയച്ചിരിക്കുകയാണ്.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com